(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വർദ്ധിച്ചുവരുന്ന സർജറികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ ഓപ്പറേഷൻ തിയേറ്ററുകളും തിയേറ്ററിന് ആവശ്യമായ ഉപകരണങ്ങളും സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ കോളേജുകളിലെ വിവിധ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഓരോ വർഷവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയും, അതുമൂലം കൂടുതൽ കിടക്കകളും ലഭ്യമാക്കുകയും രോഗനിർണ്ണയത്തിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുക എന്നിവ നടപ്പിലാക്കി വരികയാണ്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള (എ)-യും (ബി)-യും തീയേറ്ററുകൾ നവീകരിക്കുന്നതോടൊപ്പം അത്യാഹിത വിഭാഗത്തിൽ ഒരു പുതിയ തിയേറ്റർകൂടി സംവിധാനം ചെയ്തിട്ടുണ്ട്. തിയേറ്ററുകളിൽ ആവശ്യമായ ടേബിൾ, ഷാഡോലെസ്സ് ലാംപ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

(സി) കേടുപാടുകൾ തീർക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്ന സമയത്തു തന്നെ കമ്പനികളുമായി കരാറിലേർപ്പെടുന്നുണ്ട്. കരാറിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനികൾ കേടുപാടുകൾ അതാത് സമയത്ത് തീർത്തുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തിയേറ്ററുകൾ

132 [2624] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

„ വർക്കല കഹാർ:

„ കെ. എ. ചന്ദ്രൻ:

„ എം. എ. ചന്ദ്രശേഖരൻ:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഓപ്പറേഷൻ തിയേറ്ററുകളാണുള്ളത്;

(ബി) ഇവ തുടങ്ങിയത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ആശുപത്രിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) മൂന്ന്.

(ബി) രണ്ടെണ്ണം 1952-ലും ഒരെണ്ണം 2003-ലും.

(സി) പഴയ രണ്ട് മേജർ ഓപ്പറേഷൻ തീയേറ്ററുകളും ഏകദേശം 70 ലക്ഷം രൂപയോളം മുടക്കി ശീതീകരിക്കുകയും ആധുനികവല്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ നവീകരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

വെന്റിലേറ്റർ ലഭിക്കാത്തതുമൂലം മരണപ്പെട്ട രോഗികളും അതുമായി ബന്ധപ്പെട്ട കേസുകളും

133 [2625] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെന്റിലേറ്റർ ലഭിക്കാത്തതുമൂലം രോഗികൾ മരണപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രോഗികളാണ് ഇങ്ങനെ മരണപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെന്റിലേറ്റർ ലഭിക്കാതെ രോഗികൾ മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ആരെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരാണ് കേസ് ഫയൽ ചെയ്തത്;

(ജി) പ്രസ്തുത കേസിലെ വിധി എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(എച്ച്) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly